# പതിമൂന്നാം കേരള നിയമസഭ
# പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4068 — 03.02.2014 ൽ മറുപടിക്ക്

## കൊല്ലം ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ. ഗുരുദാസൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കൊല്ലം ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണം വിശദമാക്കുമോ; | (എ) കൊല്ലം ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റിന്റെ പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. 7 മെഷീനുകളും ആർ.ഒ.പ്ലാന്റും പ്രവർത്തന സജ്ജമാണ്. 3 മെഷീനുകളും ഏതാനും അനുബന്ധ ഉപകരണങ്ങളും മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനുകളിൽ നിന്നും ലഭ്യമായാലുടൻ പ്രസ്തുത യൂണിറ്റ് പ്രവർത്തനക്ഷമമാകുന്നതാണ്. |
| (ബി) ഡയാലിസിസ് യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സ്റ്റാഫിന്റെ നിയമനം സംബന്ധിച്ച വിവരം ലഭ്യമാക്കുമോ? | (ബി) പ്രസ്തുത യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനുള്ള പരിശീലനം രണ്ട് ഡോക്ടർമാർക്കും മൂന്ന് സ്റ്റാഫ് നഴ്സുമാർക്കും നൽകിയിട്ടുണ്ട്. നാല് ഡയാലിസിസ് ടെക്നീഷ്യൻമാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുവാൻ ഇന്റർവ്യൂ നടത്തിയിട്ടുണ്ട്. നിയമനം ഉടൻ നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ